കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി-എ.ഡി.എസ് - 2015-16 – വണ്ടൂർ നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം.3470/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 31..10.2017

വായന:- (1) ജി.ഒ.(സാധാ)നം. 332/12/ധന തീയതി 11/06/2012 ഉത്തരവ്

(2) ശ്രീ.എ.പി.അനിൽകുമാർ എം.എൽ.എയുടെ 13.09.17 ലെ കത്ത്

(3) തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.03.2017 ലെ ഡി.ബി.4-3462 /2017/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത്

ഉത്തരവ്

മുകളിൽ രണ്ടാമതായി വായിച്ച കത്ത് പ്രകാരം വണ്ടൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. എ.പി.അനിൽകുമാർ എം.എൽ.എ യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും മമ്പാട് ഗ്രാമ പഞ്ചായത്തിലെ പൂളക്കാപൊയിൽ - തണ്ണിക്കുഴി റോഡ് പുനരുദ്ധാരണ പ്രവൃത്തി നടപ്പിലാക്കുന്നതിന് അടങ്കൽ തുകയായ 25,00,000 രൂപയ്ക്ക് (ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതിക്ക് വേണ്ടി അപേക്ഷിച്ചിരുന്നു. മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വണ്ടൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. എ.പി.അനിൽകുമാർ എം.എൽ.എ യുടെ 2015-16 ലെ ആസ്തിവികസന പദ്ധതിയിൽ നിന്നും മമ്പാട് ഗ്രാമ പഞ്ചായത്തിലെ പൂളക്കാപൊയിൽ - തണ്ണിക്കുഴി റോഡ് പുനരുദ്ധാരണ പ്രവൃത്തിയ്ക്കായി ആകെ അടങ്കൽ തുകയായ 25,00,000 രൂപയ്ക്ക് (ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) വായന (1) ലെ സർക്കാർ ഉത്തരവും വകുപ്പു സംബന്ധമായ നടപടിക്രമങ്ങളും ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റെല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ഇതു സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ.വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

ശ്രീ. എ.പി.അനിൽകുമാർ എം.എൽ.എ (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മമ്പാട് ഗ്രാമ പഞ്ചായത്ത്
ധനകാര്യ (നോഡൽ സെന്റർ.സി) വകുപ്പ്(എൻ.സി.സി1/14/2017-ധന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ